I ഇ.ബി. XIII-കേരള നിയമസഭ/XIV-3

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂൺ 30, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ചരമോപചാരം**

**എ.സി. ചാക്കോയുടെ നിര്യാണം**

മുൻ നിയമസഭാംഗവും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന എ. സി. ചാക്കോയുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അടിയന്തര പ്രമേയം

### വിലക്കയറ്റം

മി. സ്പീക്കർ: സർക്കാർ പൊതു കമ്പോളത്തിൽ ഇടപെടാതെ പൊതു വിപണി മൊത്ത കച്ചവടക്കാർക്ക് വിട്ടുകൊടുത്തിരിക്കുന്നതുമൂലം വിലക്കയറ്റത്തിൽ കുടുംബ ബഡ്ജറ്റ് താളംതെറ്റി ദുർബല വിഭാഗങ്ങളും സാധാരണക്കാരും പ്രതിസന്ധിയിലായിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, എം. ചന്ദ്രൻ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഉൽസവ കാലങ്ങളിൽ മാത്രമായിരുന്ന സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിപണി ഇടപെടൽ ഇപ്പോൾ 365 ദിവസവും വളരെ ശക്തമായി നടത്തിക്കൊണ്ട് പൊതു വിതരണ സംവിധാനത്തെ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാവേലി സ്റ്റോറുകളും

സൂപ്പർമാർക്കറ്റുകളുമുൾപ്പെടെ 115 ഓളം പുതിയ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ആദിവാസി ഊരുകളിലും തീരദേശങ്ങളിലും മൊബൈൽ വാഹനങ്ങൾവഴി നിത്യോപയോഗ സാധനങ്ങൾ എത്തിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 261 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി ഇനത്തിൽ സപ്ലൈകോ മുഖാന്തിരം ജനങ്ങളിലേക്ക് എത്തിച്ചിട്ടുണ്ട്. അരിയുടെ വിപണി വില കുറഞ്ഞുവരുന്ന സാഹചര്യമാണിപ്പോഴുള്ളത്. കാലാവസ്ഥാ വ്യതിയാനം കാരണം ധാന്യ വർഗ്ഗങ്ങളുടെ വില അല്പം കൂടിയിട്ടുണ്ടെങ്കിലും കൂടുതൽ അളവിൽ മാർക്കറ്റിൽ എത്തിക്കാനും വില നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ഈ ഗവൺമെന്റിന്റെ പൊതുവിതരണ സംവിധാനം ഉപയോഗശൂന്യമാണ്. സിവിൽ സപ്ലൈസിലും സൂപ്പർ മാർക്കറ്റുകളിലും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുവരുന്നു. ഉഴുന്ന്, കടല മുതലായ ധാന്യവർഗ്ഗങ്ങൾ സൂപ്പർ മാർക്കറ്റുകളിൽ ലഭ്യമല്ലാത്ത സ്ഥിതിയാണ്. സാധനങ്ങളുടെ വില വർദ്ധനവുകൊണ്ടാണ് വിറ്റുവരവ് കൂടുതലായി കാണുന്നത്. പൊതു കമ്പോളത്തിൽ ഗവൺമെന്റിന് ഇടപെടാൻ

കഴിയാത്തതും റബ്ബർ, ഏലം മുതലായവയുടെ വിലയിടിവും ജനങ്ങളുടെ വാങ്ങൽ ശേഷി കുറയുന്നതിനും സാധാരണ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാകുന്നതിനും കാരണമായിരിക്കുന്നു. പരമ്പരാഗത വ്യവസായം, തോട്ടം, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾ നിശ്ചലമായിരിക്കുകയാണ്. പച്ചക്കറിയുടെ വില ഇരട്ടിയായിരിക്കുന്നു. നന്മ സ്റ്റോറുകൾ പ്രവർത്തനമില്ലാത്ത അവസ്ഥയാണ്. മൊത്തം ചെലവാകുന്ന ഏത് ഉൽപന്നത്തിന്റെയും ഒരു നിശ്ചിത അളവ് കമ്പോളത്തിൽ ഗവൺമെന്റ് സംവിധാനത്തിലൂടെ എത്തിയാൽ മാത്രമേ ഒരു ഉൽപന്നത്തിന്റെ വില പിടിച്ചുനിർത്താൻ സാധിക്കൂ. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനോ ജനങ്ങളുടെ വാങ്ങൽശേഷിക്കനുസൃതമായി ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിനോ, പൊതു വിപണിയിലിടപെടുന്നതിനോ സർക്കാർ സന്നദ്ധമാകുന്നില്ല. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ പെട്രോൾ, ഡീസൽ വിലവർദ്ധനവിനെതിരെ പ്രതികരിക്കാതെ അതിന്റെ മറവിൽ ഇപ്പോൾ സംസ്ഥാന സർക്കാർ സർചാർജ്ജുകൂടി ഏർപ്പെടുത്തിയിരിക്കുകയാണ്. തീരദേശം, കയർ, കശുവണ്ടി, തോട്ടം മേഖലകളിൽ സബ്സിഡി നിരക്കിൽ ഫുഡ് കിറ്റ് വിതരണം ചെയ്യുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം.

ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): കാലാവസ്ഥാ വ്യതിയാനം അടക്കമുള്ള കാരണങ്ങളാൽ ധാന്യവർഗ്ഗങ്ങൾക്ക് വിലവർദ്ധനവ് നേരിടുന്നുണ്ടെങ്കിലും സംസ്ഥാന സർക്കാർ കമ്പോളവില പിടിച്ചുനിർത്തി പൊതുവിതരണരംഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി ഐറ്റത്തിൽ അരിയും വെളിച്ചെണ്ണയും ഉൾപ്പെടുത്തി വില നിയന്ത്രിക്കുന്നതിനും റേഷൻ കടകൾ, സപ്ലൈ കോ എന്നിവ മുഖാന്തിരം കൂടുതൽ അരി വിതരണം ചെയ്യുന്നതിനും നടപടിയെടുത്തിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില പത്തൊമ്പത് രൂപയായി വർദ്ധിപ്പിച്ച് നെൽകൃഷിക്കാരെ സഹായിക്കുന്നതോടൊപ്പം കർശനപരിശോധന നടത്തി പൊതുകമ്പോളത്തിൽ വിപണിവില നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്. പ്രധാന നഗരങ്ങളിൽ ഉത്സവ കാലയളവുകളിൽ കൂടുതൽ നാളുകൾ നീണ്ടു നിൽക്കുന്ന വിധത്തിൽ സപ്ലൈ കോ മുഖാന്തിരം വിപണന ഫെയറുകൾ സംഘടിപ്പിച്ച് വിപണി ഇടപെടൽ ക്രിയാത്മകമാക്കാൻ കഴിഞ്ഞു. പൊതുവിപണിയേക്കാൾ 44% വരെ വിലക്കുറവാണ് സപ്ലൈ കോയിലെ നിത്യോപയോഗ സാധനങ്ങൾക്കുള്ളത്. സപ്ലൈകോ

ഉൽപ്പന്നങ്ങളുടെ പാക്കിംഗിന് ഉപയോഗിക്കുന്ന കവറുകളുടെ മേന്മയെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്. സപ്ലൈകോ മുഖാന്തിരം 12 പുതിയ ശബരി ഉൽപ്പന്നങ്ങൾ വിപണിയിലിറക്കിയിട്ടുണ്ട്. പൊതുകമ്പോളത്തിലെ വില വർദ്ധന നിയന്ത്രിക്കുവാനുള്ള ഇടപെടലുകൾ ഗവൺമെന്റ് നടത്തുന്നുണ്ട്. പട്ടികജാതി കോളനികളിലും ആദിവാസി ഊരുകളിലും അർഹമായ റേഷൻ വിഹിതം ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ റേഷൻ കടകളിൽ പരിശോധന നടത്തി മൂന്ന് കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ കർശന രീതിയിൽത്തന്നെ പരിശോധന മുമ്പോട്ടു കൊണ്ടുപോകുന്നതാണ്. ആദിവാസി മേഖലകളിൽ കൂടുതൽ റേഷൻ കടകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പൊതു വിപണിയിൽനിന്ന് ഗവൺമെന്റ് ഒരിഞ്ചുപോലും പിന്നോട്ടുപോയിട്ടില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഉല്പാദനം വർദ്ധിച്ചതിനാൽ സംസ്ഥാനത്ത് പച്ചക്കറിക്ക് വില കുറഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ ഏകദേശം ആയിരം ഏക്കറോളം

സ്ഥലത്ത് ഉരുളക്കിഴങ്ങ് കൃഷി നടത്തുന്നതിനാൽ വില കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്. വെളിച്ചെണ്ണയ്ക്ക് വില കൂടുന്ന സാഹചര്യമുണ്ടാകുന്നത് നാളികേരത്തിന് വില കൂടുമ്പോൾ മാത്രമാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

## (1) റബ്ബറിന്റെ വിലയിടിവ്

ശ്രീ. മോൻസ് ജോസഫ് : സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ സംഭാവന നൽകുന്ന റബ്ബർ കൃഷിയുടെ ചെലവ് വർദ്ധിച്ചതും വിലയിടിവും മൂലം റബ്ബർ കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി 150 രൂപയ്ക്ക് റബ്ബർ സംഭരിക്കണമെന്ന ബഡ്ജറ്റ് പ്രഖ്യാപനം ഫലപ്രാപ്തിയിലെത്തിക്കുന്നതിനും കൊച്ചിയിലെ റബ്ബറൈസ്ഡ്

ബിറ്റുമിൻ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും നടപടിയുണ്ടാകണം. റബ്ബർ പ്രൊഡ്യൂസിംഗ് സൊസൈറ്റികളെ റബ്ബർ സംഭരണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾ പുന:ക്രമീകരിക്കുന്നതിനും പ്രത്യേക പരിഗണന നൽകണം. ആവർത്തന കൃഷിക്കും പുതുകൃഷിക്കും റബ്ബർബോർഡ് വഴി നൽകിക്കൊണ്ടിരുന്ന കേന്ദ്ര സബ്സിഡി പുന:സ്ഥാപിക്കണം. റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കണം. റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ചർച്ചകൾ നടത്തുകയും സ്കീമുകൾ ആവിഷ്കരിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിലെ നിർദ്ദേശപ്രകാരം റബ്ബറിന്റെ ഇറക്കുമതി ഡ്യൂട്ടി 25 ശതമാനമാക്കി വർദ്ധിപ്പിച്ചെങ്കിലും ഇറക്കുമതി നിയന്ത്രിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചില്ല. റബ്ബർ ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുമായി

ഗവൺമെന്റ് മുന്നോട്ടുപോകും. റബ്ബർ വില വർദ്ധിപ്പിക്കുന്നതിനായി ഗവൺമെന്റ് മൂന്ന് തവണ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയെങ്കിലും ഉദ്ദേശിച്ച പ്രയോജനം നേടാൻ സാധിക്കാത്തതിനാൽ റബ്ബർ വ്യവസായികൾ, വ്യവസായം, ധനകാര്യം, കൃഷി എന്നീ വകുപ്പുമന്ത്രിമാരുമായി കൂട്ടായി ചർച്ച നടത്തി ഒരു സ്കീം രൂപീകരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ റബ്ബറിന്റെ ഇന്റർനാഷണൽ മാർക്കറ്റ് വിലയോടൊപ്പം 20 ശതമാനം ഇറക്കുമതി ഡ്യൂട്ടിയും 20 ശതമാനം ഗവൺമെന്റ് നികുതിയും ചേർത്ത് റബ്ബർ എടുക്കാമെന്ന് വ്യവസായികൾ തീരുമാനമെടുത്തു. ഇതിൽ കർഷകർക്ക് പ്രയോജനം ലഭിക്കാത്ത സാഹചര്യത്തിൽ ധനകാര്യവകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി പുതിയൊരു സ്കീമിന് രൂപം നൽകുകയും ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തുകയും ചെയ്തു. റബ്ബർ കർഷകരെ സഹായിക്കുന്നതിനായി ബന്ധപ്പെട്ട സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും കർഷകരുടെയും ഗവൺമെന്റിന്റെയും റബ്ബർ ബോർഡിന്റെയും റബ്ബർ സഹകരണ സംഘങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റി നാളെ യോഗം ചേർന്ന് അന്തിമ തീരുമാനമെടുക്കുന്നതുമാണ്. രണ്ട് ഹെക്ടറോ അതിൽ

താഴെയോ ഭൂമിയുള്ള റബ്ബർ കർഷകർക്ക് 150 രൂപ ഗ്യാരന്റി നൽകി വില ഉറപ്പാക്കുകയും ഒരു വർഷം ഒരു ഹെക്ടർ കൃഷിഭൂമിയിൽ നിന്നും ഉൽപ്പാദിപ്പിക്കാവുന്ന റബ്ബറിന്റെ ക്വാണ്ടിറ്റി ഫിക്സ് ചെയ്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്ന ഒരു കർഷകന് എവിടെ വേണമെങ്കിലും മാർക്കറ്റ് വിലയ്ക്ക് റബ്ബർ വിൽപ്പന നടത്താവുന്നതാണ്. നാഷണൽ ഹൈവേ ഓഫ് ഇന്ത്യ, കൊച്ചിൻ റിഫൈനറീസ് എന്നിവരുമായി ചർച്ച നടത്തി റബ്ബർ കർഷകർക്ക് പ്രയോജനപ്രദമായ വിധത്തിൽ റബ്ബറിന്റെ ഉപയോഗം പുതിയ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്.

## (2) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. കെ. വി. വിജയദാസ്: പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കൊടുക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന തുക വർദ്ധിപ്പിക്കുകയും ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ച ഉത്തരവിലെ ശിപാർശകൾ നടപ്പിലാക്കുകയും വേണം. ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും ഇ-ഗ്രാന്റ്സ് മുഖേനയാണ് കൊടുത്തുകൊണ്ടിരുന്നത്. സോഫ്റ്റ് വെയർ സംവിധാനം തകരാറിലാണെന്ന

കാരണത്താൽ രണ്ടു വർഷമായി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കുടിശ്ശികയായ ഗ്രാന്റ് കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. സ്വാശ്രയ കോളേജിൽ മെരിറ്റ് അടിസ്ഥാനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും പാരലൽ കോളജിലും സഹകരണ കോളേജുകളിലുമുള്ള വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും അടിയന്തരമായി വിതരണം ചെയ്യണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): വിദ്യാഭ്യാസാനുകൂല്യങ്ങളിൽ കാലാനുസൃതമായ വർദ്ധനവുണ്ടാക്കി കൃത്യമായി നൽകണമെന്നുള്ള ആവശ്യം വളരെ ശ്രദ്ധേയമാണ്. മൂന്ന് വർഷം കൂടുമ്പോൾ 25 ശതമാനം വർദ്ധനവ് എന്നാണ് കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 100 ശതമാനത്തിലധികം വർദ്ധനവ് കൊടുത്തു. എന്നാലും ഈ തുക അപര്യാപ്തമാണ്. കൂടുതൽ വർദ്ധനവുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. 2015 ജൂൺ 15-നുമുമ്പ് പ്രീ-മെട്രിക് തലങ്ങളിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാൻ സാധിച്ചു. ഇ-ഗ്രാന്റ്സ് സംവിധാനത്തിന്റെ തകരാർ മൂലം ആർക്കെങ്കിലും ആനുകൂല്യം ലഭിച്ചിട്ടില്ലെങ്കിൽ അക്കാര്യം

ശ്രദ്ധയിൽപ്പെട്ടാൽ അവ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് പരമാവധി വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് ശ്രമിക്കുന്നതാണ്. ഒ.ഇ.സി. വിദ്യാർത്ഥികളുടെ കുടിശ്ശികയും പാരലൽ കോളേജിലും സഹകരണ കോളേജിലുമുള്ള വിദ്യാർത്ഥികളുടെ കുടിശ്ശികയും കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

## (1) ധനലക്ഷ്മി ബാങ്ക് ഓഫീസർമാരുടെ സമരം

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ഓൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് ഫെഡറേഷന്റെ ദേശീയ വൈസ് പ്രസിഡന്റും ധനലക്ഷ്മി ബാങ്ക് ഓഫീസേഴ്സ് ഓർഗനൈസേഷന്റെ ജനറൽ സെക്രട്ടറിയുമായ പി. വി. മോഹനനെ അടിയന്തരമായി തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗവൺമെന്റിന് ഇക്കാര്യത്തിൽ ഇടപെടുന്നതിന് വളരെയേറെ പരിമിതികളുണ്ട്. എന്നാലും കേരളത്തിലെ ഒരു ധനകാര്യ സ്ഥാപനമെന്നുള്ള നിലയിൽ ഇടപെടുന്നതാണ്.

## (2) കടലാക്രമണ പ്രതിരോധ നടപടി

ശ്രീ. റ്റി. എൻ. പ്രതാപൻ: കേരളത്തിലെ തീരദേശങ്ങളിൽ അതിശക്തമായ കടലാക്രമണം തുടരുന്നതിനാലും കേന്ദ്ര ഗവൺമെന്റ് പ്രകൃതിക്ഷോഭങ്ങളുടെ കൂട്ടത്തിൽ കടലാക്രമണത്തെ ഉൾപ്പെടുത്താത്തതിനാലും ഹ്രസ്വകാലാടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടങ്ങളും റവന്യൂ ഡിപ്പാർട്ടുമെന്റും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ഇടപെട്ട് പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തി കടലോര പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സൗജന്യ റേഷൻ ഉൾപ്പെടെയുള്ള സഹായങ്ങൾ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തെക്കൻ അതിർത്തി മുതൽ വടക്കൻ അതിർത്തിവരെ നീണ്ടുകിടക്കുന്ന തീരപ്രദേശത്ത് തുടർച്ചയായുണ്ടാകുന്ന കടലാക്രമണം സംസ്ഥാന ഗവൺമെന്റിനുമാത്രമായി നേരിടാൻ പറ്റാത്ത ഒരു വിപുലമായ പ്രശ്നമാണ്. അതിർത്തി സംരക്ഷണത്തിനായി ലക്ഷക്കണക്കിന് രൂപയാണ് കേന്ദ്ര ഗവൺമെന്റ് ചെലവഴിക്കുന്നത്. ഈയൊരു സാഹചര്യത്തിൽ കേരളത്തിന്റെ പ്രത്യേക പ്രശ്നമായി കണ്ടുകൊണ്ട് സാമ്പത്തിക സഹായം വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. തീരപ്രദേശത്തുള്ള എല്ലാ എം.എൽ.എ.മാരും ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത്

അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ  നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## (3) അന്ധയുവാക്കളുടെ ദുരൂഹമരണം

ശ്രീ. മാത്യു റ്റി. തോമസ്: 27-06-2015-ന് വർക്കലയിൽവച്ച് നടന്ന അന്ധരുടെ യോഗത്തിൽ പങ്കെടുത്ത് മടങ്ങിയ ജിജോ കെ. വർഗ്ഗീസ്, ഷാജി ഡാനിയേൽ എന്നിവരുടെ മൃതദേഹം കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ് ഫോമിൽ കണ്ടെത്തിയത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താനും അവരുടെ കുടുംബത്തിന് സാമ്പത്തിക സഹായം അനുവദിക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അന്ധ യുവാക്കളുടെ മരണത്തിൽ ദുരൂഹതയില്ലെന്നും ട്രെയിൻ തട്ടിയാലുണ്ടാകുന്ന പരിക്കുകളാണ് രണ്ടുപേർക്കുമുള്ളതെന്നുമാണ് പോലീസിന്റെ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായമായി അഞ്ച് ലക്ഷം രൂപ വീതം  നൽകുന്നതാണ്.

## (4) ആർ.ഒ.ആർ. നടപ്പാക്കിയതിലെ പ്രശ്നങ്ങൾ

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ, വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ

ആർ.ഒ.ആർ. നടപ്പിലാക്കിയതിനെ തുടർന്നുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സംസ്ഥാനത്ത് പോക്കുവരവ് ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി ആലത്തൂർ, വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്ന വില്ലേജ് ഓഫീസുകളിലാണ് ആർ.ഒ.ആർ. സമ്പ്രദായത്തിന് തുടക്കം കുറിച്ചത്. റവന്യൂ, രജിസ്ട്രേഷൻ വിവരങ്ങൾ വെവ്വേറെ നിലനിൽക്കുന്നതാണ് ഇവിടെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ഈ രണ്ട് വകുപ്പുകളുടെയും പക്കലുള്ള വിവരങ്ങൾ നിർവ്വഹണതലത്തിൽ തന്നെ സംയോജിപ്പിച്ച് കേന്ദ്രീകൃത രൂപത്തിൽ വിവരശേഖരണം സാധ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റവന്യൂ വകുപ്പുമായി ആലോചിച്ച് ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവന്ന് ഈ പദ്ധതി മുമ്പോട്ടുകൊണ്ടുപോകുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യംവച്ചിരിക്കുന്നത്. ഇതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതായിരിക്കും.

## (5) ഇലക്ട്രിക് പോസ്റ്റുകളും ലൈനുകളും നവീകരിക്കൽ

ശ്രീ. ബെന്നി ബെഹനാൻ: കാലവർഷക്കെടുതിമൂലം തകരാറിലായ ഇലക്ട്രിക് പോസ്റ്റുകളും ലൈനുകളും ശരിയാക്കി അപകടസാധ്യത ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കാലവർഷക്കെടുതി മൂലം ഇലക്ട്രിക് ലൈനുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ തകർന്ന വകയിൽ കെ.എസ്.ഇ.ബി.യ്ക്ക് ഏതാണ്ട് പതിനൊന്നര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അവ നന്നാക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. അതിനായി കെ.എസ്.ഇ.ബി.യിലെ ജീവനക്കാരും കോൺട്രാക്ട് വർക്കേഴ്സും പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ കഠിനമായി പരിശ്രമിച്ചുവരികയാണ്. സ്പെഷ്യൽ ഫണ്ട് അലോട്ട് ചെയ്ത് നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അണ്ടർ ഗ്രൗണ്ട് കേബ്ലിംഗ് നടപ്പാക്കുന്നതിനുള്ള ശ്രമം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾ ഫോൺ ചെയ്യുമ്പോൾ എടുക്കുന്നില്ല എന്ന പരാതിക്ക് പരിഹാരമായി 60 കോടി രൂപ മുടക്കി കസ്റ്റമർ കെയർ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്.

## (6) ഗവൺമെന്റ് കോളേജിന് അഡീഷണൽ ഫണ്ട്

ശ്രീ. ജി. സുധാകരൻ: ആലപ്പുഴ ജില്ലയിലെ ഏക സർക്കാർ കോളേജായ അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന്റെ ഭൗതീക സാഹചര്യങ്ങൾക്കാവശ്യമായ അഡീഷണൽ ഫണ്ട് അനുവദിച്ച് പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നും നമ്പർ ലഭിച്ചിട്ടില്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടില്ല. അതിനാലാണ് പുതിയ കെട്ടിടത്തിൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത്. കെട്ടിടത്തിന് നമ്പറിടുന്നതിനുള്ള പ്രൊപ്പോസൽ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കോളേജിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കുന്നതാണ്. കോളേജിന് ചുറ്റുമതിൽ, ഗേറ്റ്, ഡ്രെയിനേജ് എന്നിവ നിർമ്മിക്കുന്നതിനുള്ള 1.25 കോടി രൂപയുടെ എസ്റ്റിമേറ്റിന് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

കോളേജിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

## (7) ആംബുലൻസുകളുടെ വേഗപരിധി

ശ്രീ. അൻവർ സാദത്ത്: ആംബുലൻസുകളെ വേഗപരിധിയിൽ നിന്നും ട്രാഫിക് സിഗ്നൽ കട്ട് ചെയ്യുന്ന എന്ന കുറ്റത്തിൽ നിന്നും ഒഴിവാക്കുന്നതിനും ആംബുലൻസ് ഡ്രൈവർമാർക്ക് മിനിമം വേജസ് ഏർപ്പെടുത്തുന്നതിനും ജോലിസമയം ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വേഗപരിധിയിൽ നിന്നും ആംബുലൻസുകളെ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സമർപ്പിച്ച നിർദ്ദേശം നിയമവകുപ്പിന്റെ പരിശോധനയിലാണ്. മനുഷ്യജീവൻ രക്ഷിക്കുന്നതുമായി ബന്ധപ്പെട്ടതാകയാൽ നിയമപരിധിയിൽ നിന്നും ആംബുലൻസുകളെ ഒഴിവാക്കുന്ന കാര്യം നിയമവകുപ്പുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ആംബുലൻസ് ഡ്രൈവർമാർക്ക് മിനിമം വേജസ് ഏർപ്പെടുത്തുന്നതും ജോലിസമയം ക്രമീകരിക്കുന്നതും തൊഴിൽ വകുപ്പാണ് പരിഗണിക്കേണ്ടത്.

## (8) മണൽ ഖനനാനുമതി

ശ്രീ. എളമരം കരീം: കോഴിക്കോട്, മലപ്പുറം ജില്ലകളെ വേർതിരിക്കുന്ന ചാലിയാറിന്റെ അംഗീകൃത കടവുകളിൽ നിന്നും മണൽഖനനത്തിന് അനുമതി നിഷേധിച്ചുകൊണ്ടുള്ള ഉത്തരവ് പുനഃപരിശോധിക്കുന്നതിനും ഈ മേഖലയിലെ പ്രശ്നങ്ങൾ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): നദികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വിദഗ്ദ്ധ ഏജൻസികൾ നടത്തിയ മണൽ ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചാലിയാറിന്റെ ഇരുകരകളിലുമുള്ള മറ്റ് പഞ്ചായത്ത് കടവുകളെ ഒഴിവാക്കി മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിലെ കടവിന് മാത്രം മണൽ ഖനനത്തിനുള്ള അനുമതി നൽകിയത്. പ്രസ്തുത ഉത്തരവിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിനും ഈ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (9) നാലുവരിപ്പാതയ്ക്കുള്ള അനുബന്ധനിർമ്മാണങ്ങൾ

ശ്രീ. ബി. ഡി. ദേവസ്സി: ദേശീയപാത 47-ൽ മണ്ണുത്തി മുതൽ അങ്കമാലി

വരെയുള്ള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ഭാഗങ്ങളിലെ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലെ സാഹചര്യത്തിൽ ടോൾപിരിവ് നിറുത്തിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): നാലുവരിപ്പാതയായി വികസിപ്പിച്ച മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള ഭാഗത്ത് കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം നിർമ്മിക്കേണ്ട സർവ്വീസ് റോഡിൽ 1.62 കിലോമീറ്റർ ദൂരത്തിന്റെ പണി ഉടൻ ആരംഭിക്കുമെന്ന് ദേശീയപാത വികസന അതോറിറ്റി അറിയിച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം നിർമ്മിക്കേണ്ട ബസ്ഷെൽറ്ററുകളുടേയും ബസ്ബേകളുടെയും നിർമ്മാണം പൂർത്തിയാക്കുകയും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് റോഡിന്റെ പൂർത്തിയായ ചിലയിടങ്ങളിൽ തടസ്സപ്പെട്ടിരുന്ന ഡ്രെയിനേജ് സംവിധാനത്തിന്റെ പണി ഇപ്പോൾ നടന്നുവരികയാണ്. എഗ്രിമെന്റിൽപ്പെടാത്ത സർവ്വീസ് റോഡിന്റെ നിർമ്മാണത്തിനായി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനും ബാക്കി പ്രവൃത്തികൾ ഹൈവേ അതോറിറ്റിയെ ഏൽപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ടോൾപിരിവ് നിറുത്തിവയ്ക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

## (10) മെഡിക്കൽ ബിരുദധാരികൾക്കുള്ള രജിസ്ട്രേഷൻ

ശ്രീ. കെ. എൻ. എ. ഖാദർ: കേരളത്തിലെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നിന്നും ബിരുദവും ബിരുദാനന്തബിരുദവും കരസ്ഥമാക്കുന്ന ഡോക്ടർമാർക്ക് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭിക്കുന്നതിൽ വീഴ്ച വരുത്തുന്നത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭിക്കുന്നതിന് സ്വകാര്യ-സർക്കാർ മെഡിക്കൽ കോളേജുകൾ എന്ന വേർതിരിവില്ല. ആർക്കെങ്കിലും രജിസ്ട്രേഷൻ നിഷേധിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിശോധിക്കുന്നതാണ്.

## (11) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസേഴ്സ് തസ്തിക

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതുൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനും അടിയന്തരമായി നാല്

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. 131-ഓളം കാഷ്വാലിറ്റി ഡോക്ടർമാരെ നിയമിച്ചുകൊണ്ട് താലൂക്ക് ആശുപത്രികളിലെ കാഷ്വാലിറ്റി സംവിധാനം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തി ഒൻപത് മുതൽ നൂറ്റിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

## 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ് (2090,56,14,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII- ജയിലുകൾ (67,62,77,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.

കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. എളമരം കരീം: രാഷ്ട്രീയ പകപോക്കലിനുവേണ്ടി പോലീസിനെ ഉപയോഗപ്പെടുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരികയാണ്. നീതിനിർവ്വഹണം നിഷ്പക്ഷവും നീയമപരവുമായിരിക്കണം. പയ്യന്നൂരിലെ അബ്ദുൾ ഹക്കീം വധക്കേസിലെ പ്രതികളെ കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും സമരസമിതി നേതാക്കളുമായി ചർച്ച നടത്തി നിരാഹാര സത്യാഗ്രഹം അവസാനിപ്പിക്കുകയും ചെയ്യണം. ഭരണസ്വാധീനം ദുരുപയോഗപ്പെടുത്തി പോലീസിന്റെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ സേനയാക്കി മാറ്റുന്നതിനുള്ള പരിശീലനം പോലീസിന് നൽകണം. പോലീസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനും കാലപ്പഴക്കംചെന്ന വാഹനങ്ങൾ മാറ്റി

പുതിയ വാഹനങ്ങൾ നൽകുന്നതിനും പോലീസിന്റെ ജോലി സമയം പുന:ക്രമീകരിക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. വി. റ്റി. ബൽറാം</u>: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. വികസനവും കരുതലും മുഖമുദ്രയാക്കിയ സർക്കാരാണിത്. നാല് വർഷത്തിനുള്ളിൽ കേരളത്തിന്റെ സ്വപ്ന പദ്ധതികൾ കർമ്മപഥത്തിലെത്തിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സമഗ്രമായ ഭരണ പരിഷ്കാരത്തെ സംബന്ധിച്ച് ആലോചിക്കുകയും സേവനാവകാശ നിയമം കൂടുതൽ പൂർണ്ണതയിലെത്തിക്കുകയും ചെയ്യണം. എല്ലാ രംഗത്തും ആധുനികവത്കരണം കൊണ്ടുവരണം. സർക്കാരും ജനങ്ങളും തമ്മിലുള്ള അന്തരം ഇല്ലാതാക്കുന്നതിനാവശ്യമായ സമീപനം സ്വീകരിക്കണം. പോലീസ് സേനയെ ആധുനികവത്കരിക്കണം. പോലീസിന് കൂടുതൽ പ്ലാൻ എക്സ്പെൻഡിച്ചറുണ്ടാക്കുന്നതിനാവശ്യമായ വിഭവ സമാഹരണത്തെ സംബന്ധിച്ച് ആലോചിക്കണം. ഒരു പോലീസിംഗ് പോളിസിയുണ്ടാക്കുകയും പോലീസ് സേനയിൽ കൂടുതൽ റിക്രൂട്ട്മെന്റുകൾ നടത്തുകയും പോലീസ് സേനയുടെ ജെൻഡർ ഇക്വാളിറ്റി മെച്ചപ്പെടുത്തുന്നതിന് വനിതാ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുകയും വേണം. പോലീസിന് ശാസ്ത്രീയമായ പരിശീലനം

നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പോലീസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനും പോലീസ് പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. കമ്മ്യൂണിറ്റി പോലീസിംഗ് വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. ദേശീയ ശ്രദ്ധയാകർഷിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം. ട്രാഫിക് പോലീസുകാർക്ക് മഴയത്ത് സുഗമമായി ജോലി ചെയ്യുന്നതിന് മഴക്കോട്ടുകൾ അനുവദിക്കണം. തൊഴിൽ സമ്മർദ്ദങ്ങൾ, 24 മണിക്കൂർ ജോലി, അവധിയില്ലാത്ത ദിവസങ്ങൾ എന്നിവ കണക്കിലെടുത്ത് സർക്കാർ സ്വീകരിക്കുന്ന സമീപനം അഭിനന്ദനാർഹമാണ്. ഗുണ്ടാ മാഫിയ, സാമ്പത്തിക കുറ്റകൃത്യങ്ങൾ, ബ്ലെയ്ഡ് മാഫിയ തുടങ്ങിയവ അടിച്ചമർത്തുന്നതിനായി ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ മാതൃകാപരമാണ്. 'ഓപ്പറേഷൻ സുരക്ഷ'യുടെ ഭാഗമായി ആയിരക്കണക്കിന് കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ട്. സാധാരണക്കാർക്ക് പോലീസ് സ്റ്റേഷനിൽ ശിപാർശയില്ലാതെ കടന്നുപോകാം എന്ന സ്ഥിതിവിശേഷമുണ്ടാകണം. പോലീസുകാരുടെ ഭാഷ, ശരീരഭാഷ,

മനോഭാവം, കാഴ്ചപ്പാട് എന്നിവയിൽ മാറ്റം വരുത്തുന്നതിനായി ഡി.ജി.പി. മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണം. വാഹന പരിശോധന സംബന്ധിച്ച ആക്ഷേപങ്ങൾ പരിഹരിക്കണം. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കണം. പോലീസുകാർക്ക് ഹ്യൂമൻ റൈറ്റ്സിനെക്കുറിച്ചുള്ള ശാസ്ത്രീയമായ പരിശീലനം കൊടുക്കണം. തടവുകാരെ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരാനുള്ള ഒരിടമായി ജയിലുകൾ മാറ്റപ്പെടണം. ശിക്ഷാ കാലാവധി കഴിഞ്ഞ് പുറത്തിറങ്ങുന്ന തടവുകാർക്ക് ജീവിത മാർഗ്ഗത്തിനുതകുന്ന തൊഴിലുകൾ ലഭ്യമാകാൻ പരിശീലിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തടവുകാരുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനുള്ള മെന്റൽ ഹെൽത്ത് ക്ലിനിക് ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യം ഏർപ്പെടുത്തണം.

<u>ശ്രീ. സി. ദിവാകരൻ</u>: മന്ത്രിമാർക്കെതിരെ നിലനിൽക്കുന്ന വിജിലൻസ് കേസുകൾ സംസ്ഥാന നയ രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട ആളുകൾ ക്രിമിനലുകളാണെന്നുള്ളതിന്റെ തെളിവാണ്. ക്രിമിനൽ കേസ്സുകളിൽ പ്രതികളായവരെ അറസ്റ്റു ചെയ്യാൻ കഴിയാത്ത

സാഹചര്യമാണുള്ളത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്ത്രീപീഡനവും മനുഷ്യക്കടത്തും നടക്കുന്ന സംസ്ഥാനം കേരളമാണെന്നാണ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. പോലീസ് സേനയും ജയിലുകളും നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് സ്വതന്ത്രമായി നീതിനിർവ്വഹണമോ നിയമവ്യവസ്ഥകളോ നടപ്പാക്കാൻ സർക്കാർ സന്നദ്ധമാകുന്നില്ല. 2011-ലെ കേരള പോലീസ് ആക്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കണം. സ്റ്റുഡന്റ് പോലീസ്, ജനമൈത്രി പോലീസ് എന്നിവയുടെ പ്രവർത്തനങ്ങൾ നന്നായി കൊണ്ടുപോകണം. പുതിയ തലമുറയും പോലീസുമായുള്ള ബന്ധത്തിൽ മാറ്റമുണ്ടാകണം. മാറാട് കേസ് പിൻവലിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കണം. പെട്രോൾ, ഡീസൽ, നിത്യോപയോഗ സാധനങ്ങൾ മുതലായവയുടെ ക്രമാതീതമായ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് സുരക്ഷയും നീതിയും കാരുണ്യവും ഉറപ്പുവരുത്തിക്കൊണ്ടാണ് സംസ്ഥാനത്ത് പോലീസ് സേന പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആധുനിക

സംവിധാനങ്ങൾ ഉപയോഗിച്ച് സൈബർ കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനും ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും ശിക്ഷിക്കുന്നതിനും കേരളാ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ക്രൈം ആന്റ് ക്രിമിനൽ നെറ്റ് വർക്കിംഗ് സംവിധാനം, സൈബർ ഡോം, സാമൂഹികവിരുദ്ധശക്തികളെ നിയന്ത്രിക്കുന്നതിനേർപ്പെടുത്തിയിട്ടുള്ള 'ഓപ്പറേഷൻ സുരക്ഷ' തുടങ്ങിയ പദ്ധതികളെല്ലാം സ്വാഗതാർഹമാണ്. കൊള്ളപ്പലിശക്കാരെ നിർമ്മാർജ്ജനം ചെയ്യുന്നതിനും സാധാരണക്കാരുടെ സാമ്പത്തികപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അംഗീകൃത ബാങ്കുകളുടെയും വാണിജ്യസ്ഥാപനങ്ങളുടെയും സമീപനങ്ങൾ മൃദുലമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യുവതലമുറയെ ലഹരി വിമുക്തമാക്കാനുതകുന്ന 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതി ശ്ലാഘനീയമാണ്. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ച 'ശുഭയാത്ര', അപകടങ്ങളിൽ പരിക്കേൽക്കുന്നവരുടെ രക്ഷകരായി പോലീസ് സേനയെ മാറ്റുന്ന 'സ്മൈൽ' എന്നിവ അഭിനന്ദനമർഹിക്കുന്ന പദ്ധതികളാണ്. സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കുന്ന പോലീസ് ഓഫീസർമാർക്ക് താക്കീത് നൽകാനുള്ള സർക്കാരിന്റെ നടപടി

സ്വാഗതാർഹമാണ്. കാര്യക്ഷമത ഉറപ്പുവരുത്താൻ കഴിയുംവിധം പോലീസ് സേനയെ പരിഷ്ക്കരിക്കാനുള്ള നീക്കങ്ങൾ ഏറെ ഗുണകരമാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ നടത്തുന്ന അത്ഭുതാവഹമായ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. രാത്രികാലങ്ങളിലും പോസ്റ്റ്മോർട്ടം നടത്താനുള്ള നിയമനിർമ്മാണം അടിയന്തരമായി കൊണ്ടുവരണം.

<u>ശ്രീമതി ജമീലാ പ്രകാശം</u>: ബാർ കോഴക്കേസ് സംബന്ധിച്ച് പ്രാഥമികാന്വേഷണം നടത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിനടുത്ത ദിവസം ആഭ്യന്തര വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിൽ ചർച്ച ചെയ്ത കാര്യങ്ങൾ വ്യക്തമാക്കണം. പ്രസ്തുത കേസന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരെ മുഖ്യമന്ത്രി എത്ര തവണ ഫോണിൽ വിളിച്ചിരുന്നുവെന്ന് പരിശോധിക്കാൻ ഒരു നിയമസഭാ സമിതിയെ നിയോഗിക്കുന്നതിനും കേസന്വേഷണം സംബന്ധിച്ച് നടന്ന ഇടപെടലുകളും പോലീസുകാരുടെ സ്ഥലംമാറ്റങ്ങളും പ്രൊമോഷനുകളും സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ധവളപത്രം ഇറക്കണം. തിരുവനന്തപുരം ചെങ്കൽച്ചൂള രാജാജി നഗർ നിവാസി സുജിത് പോലീസ് മർദ്ദനത്തിൽ മനംനൊന്ത് ആത്മഹത്യ ചെയ്തതിന് ഉത്തരവാദികളായവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

കാഞ്ഞിരംകുളം പോലീസ് സ്റ്റേഷനിലെ എസ്.ഐ.-യുടെ മർദ്ദനത്തെത്തുടർന്ന് മരണമടഞ്ഞ ഓട്ടോറിക്ഷാ ഡ്രൈവറുടെ കുടുംബത്തിന് അനുവദിച്ച സാമ്പത്തികസഹായം അടിയന്തരമായി ലഭ്യമാക്കണം. പോലീസ് സേനയിൽ കോൺസ്റ്റബിൾ, എസ്.ഐ. തസ്തികകളിലേയ്ക്ക് 25 ശതമാനം വനിതകളെ നിയമിക്കുവാൻ നടപടിയുണ്ടാകണം. സ്റ്റുഡന്റ് പോലീസ് കേഡറ്റ് എല്ലാ ഹൈസ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കണം. പോലീസ് സേനയിൽ നിശ്ചിത ശതമാനം ഒഴിവുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകാനുള്ള വ്യവസ്ഥ കൊണ്ടുവരണം. നിശ്ചയിച്ച കാലാവധിയിൽ കൂടുതൽ ജയിൽശിക്ഷ അനുഭവിച്ചവരെ മോചിപ്പിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ന് കേരള പോലീസ് രാജ്യത്തിന് അഭിമാനകരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആഭ്യന്തര വകുപ്പ് നടപ്പിലാക്കുന്ന കർമ്മ പരിപാടികൾ പൊതുസമൂഹം പൂർണ്ണമനസ്സോടെ സ്വാഗതം ചെയ്തിട്ടുണ്ട്. ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കാനും നിയമപാലനം ശക്തിപ്പെടുത്താനും സാമൂഹ്യവിരുദ്ധ ശക്തികളെ അമർച്ച ചെയ്യാനും സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. ജനങ്ങൾക്ക് നീതി

ഉറപ്പുവരുത്തക്ക വിധത്തിൽ പോലീസ് സേനയുടെ പ്രവർത്തനങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിക്കണം. പുതിയ പോലീസ് സ്റ്റേഷനുകൾ, സർക്കിൾ ഓഫീസുകൾ എന്നിവ സമയബന്ധിതമായി അനുവദിക്കുന്നതിനും പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും മാനുഷിക പരിഗണന നൽകി അവരുടെ ഡ്യൂട്ടി സമയം നിജപ്പെടുത്തുന്നതിനും സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം വ്യാപിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. ജനമൈത്രി പോലീസ് സംവിധാനത്തെ കൂടുതൽ ഫലപ്രദമാക്കാൻ കഴിയുന്ന വിധത്തിൽ പുന:ക്രമീകരിക്കണം. ദേശീയ തലത്തിൽ ഫുട്ബോൾ, വോളിബോൾ രംഗങ്ങളിൽ കേരള പോലീസ് ടീമിനെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണം. ഓപ്പറേഷൻ സുരക്ഷ, ഓപ്പറേഷൻ കുബേര, ക്ലീൻ കാമ്പസ് സേഫ് കാമ്പസ് തുടങ്ങിയ കർമ്മ പരിപാടികൾ അഭിനന്ദനാർഹമാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഫലപ്രദമായ ഇടപെടലുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത വിധത്തിലുള്ള രാഷ്ട്രീയ അഴിമതികളാണ് സമീപകാലത്തായി യു.ഡി.എഫ്.-

നെതിരെ ഉയർന്നുവന്നിട്ടുള്ളത്. കൊലപാതകങ്ങളും അക്രമങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉന്നത ഉദ്യോഗസ്ഥർപോലും കുറ്റകൃത്യങ്ങളിൽ പ്രതികളാകുന്നു. പോലീസ് നവീകരണത്തിനായി കൊണ്ടുവന്ന കേരള പോലീസ് ആക്ട് ഫലപ്രദമായി നടപ്പാക്കാനോ ജില്ലകളിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിക്കാനോ സാധിച്ചിട്ടില്ല. ജനമൈത്രി പോലീസിന്റെ പ്രവർത്തനം നിശ്ചലാവസ്ഥയിലാണ്. ഉന്നത പോലീസ് ഉദ്യോഗസ്ഥരെ യാതൊരു മാനദണ്ഡവുമില്ലാതെ സ്ഥലം മാറ്റുന്ന പ്രവണത അവസാനിപ്പിക്കണം. പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങൾ യഥാസമയം കേസുകൾ തീർപ്പാക്കി കൈമാറുന്നതിനോ ലേലം ചെയ്യുന്നതിനോ നടപടി സ്വീകരിക്കണം. മോഡണൈസേഷൻ ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ദിശാബോധത്തോടുകൂടിയ സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി അടിയന്തര നടപടികൾ കൈക്കൊള്ളുകയും സ്റ്റുഡന്റ് പോലീസ് കേഡറ്റ്

പദ്ധതിയിലൂടെ നിയമബോധമുള്ള പൗരന്മാരാക്കി പുതുതലമുറയെ വാർത്തെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഇതിന്റെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ ബ്രാഞ്ചിനെ ചുമതലപ്പെടുത്തുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. 2016-ഓടുകൂടി വിദ്യാലയങ്ങളെ ലഹരി വിമുക്തമാക്കുന്നതിനായി ആഭ്യന്തരവകുപ്പ് ആവിഷ്കരിച്ച ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി, നിർഭയ പദ്ധതി, ട്രാഫിക് ബോധവത്കരണം ഊർജ്ജിതമാക്കുന്നതിനായി ആവിഷ്കരിച്ച ശുഭയാത്ര - 2015, ഓപ്പറേഷൻ സുരക്ഷ എന്നീ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചു. വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകണം.

ശ്രീമതി കെ. കെ. ലതിക: യു.ഡി.എഫ്. ഭരണത്തിൻകീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണം

പോലീസിന്റെ നിഷ്ക്രിയ സമീപനമാണ്. പോലീസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കണം. അക്രമികൾക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന പോലീസ് സംവിധാനമാണ് നിലനിൽക്കുന്നത്. ദിവസംപ്രതി അക്രമികളുടെ എണ്ണം വർദ്ധിക്കുകയും കേസുകൾ അട്ടിമറിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. പോലീസ് സേനയിൽത്തന്നെ കുറ്റവാളികളുണ്ടാകുകയാണ്. നാടിന്റെ ക്രമസമാധാനം സംരക്ഷിക്കേണ്ട പോലീസ് സേന നാടിനുതന്നെ അപമാനകരമായ രീതിയിലാണ് പ്രവർത്തിക്കുന്നത്.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഭരണകൂടത്തിനെതിരായി ദുർബലമായ വാദഗതികളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾ വിലയിരുത്തിയതിന്റെ ഫലമാണ് അരുവിക്കര ഉപതെരഞ്ഞെടുപ്പ് ഫലം. കേന്ദ്രം ഭരിക്കുന്ന പാർട്ടിയും പ്രതിപക്ഷവും ചേർന്ന് കള്ളപ്രചരണങ്ങൾ നടത്തിയിട്ടും അഭിമാനകരമായ ഭൂരിപക്ഷത്തിൽ കോൺഗ്രസ്സ് വിജയിച്ചത് പ്രതിപക്ഷം അംഗീകരിക്കണം. വ്യക്തമായ തെളിവില്ലാതെ സർക്കാരിനെതിരെ ആരോപണം ഉന്നയിക്കുന്ന നടപടിയിൽ നിന്ന് പ്രതിപക്ഷം പിന്മാറണം. ജയിൽ വകുപ്പിൽ നടപ്പാക്കിയ

പരിഷ്കാരങ്ങളുൾപ്പെടെ ആഭ്യന്തര വകുപ്പ് ചെയ്തിട്ടുള്ള കാര്യങ്ങളും വർഗ്ഗീയ ലഹളയോ രാഷ്ട്രീയ സംഘട്ടനങ്ങളോ ഈ സർക്കാരിന്റെ കാലത്ത് നടന്നിട്ടില്ല എന്നുള്ളതും എടുത്തുപറയേണ്ട കാര്യമാണ്.

ശ്രീ. ബെന്നി ബെഹനാൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നത് തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിന്റെ പ്രാഥമിക ഉത്തരവാദിത്വമാണ്. ഇന്ത്യയിൽ കുറ്റകൃത്യങ്ങൾ കുറഞ്ഞ സംസ്ഥാനവും കൂടുതൽ കുറ്റകൃത്യങ്ങൾ തെളിയിക്കപ്പെട്ട സംസ്ഥാനവും കേരളമാണ്. സമൂഹത്തെ ചൂഷണം ചെയ്തുകൊണ്ടിരുന്ന ബ്ലേഡ് മാഫിയയെയും സംസ്ഥാനത്തിന്റെ ക്രമസമാധാനത്തിന് തകർച്ചയുണ്ടാക്കുന്ന മയക്കുമരുന്ന് ലോബിയെയും നിയന്ത്രിക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. പുതിയ പേ കമ്മീഷൻ റിപ്പോർട്ടിൽ പോലീസുകാർക്ക് മെച്ചപ്പെട്ട പരിഗണന കൊടുക്കാൻ തയ്യാറാകണം. പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങളെല്ലാം അന്വേഷിക്കാൻ തയ്യാറായ ഒരു ഗവൺമെന്റാണിത്. അരുവിക്കര ഉപതെരഞ്ഞെടുപ്പ് വിജയം കേരള രാഷ്ട്രീയത്തിൽ വന്ന ഗുണപരമായ മാറ്റമാണ്. അത് അംഗീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി തയ്യാറാണം. ഇതിലൂടെ ഈ ഗവൺമെന്റിന്റെ

വികസനത്തിന്റെയും കരുതലിന്റെയും രാഷ്ട്രീയത്തിനുള്ള അംഗീകാരമാണ് കിട്ടിയിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അരുവിക്കര ഉപതെരഞ്ഞെടുപ്പിലെ യു.ഡി.എഫ്.-ന്റെ വിജയം സാങ്കേതികം മാത്രമാണ്. ജനവിധി സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി തയ്യാറാണ്. മതന്യൂനപക്ഷങ്ങളിൽ ആശങ്കയുണ്ടാക്കുന്ന ഈ ജനവിധി സസൂക്ഷ്മം പരിശോധിക്കാൻ ഐക്യജനാധിപത്യ മുന്നണി തയ്യാറാകണം. രണ്ട് ചേരിയായി നിന്നുകൊണ്ടുള്ള വർഗ്ഗീയ ധ്രുവീകരണത്തിലേയ്ക്ക് കേരളം മാറിയിരിക്കുകയാണ്. ജനവിധി ക്ഷമാപൂർവ്വം പരിശോധിച്ച് പാഠമുൾക്കൊണ്ട് ആവശ്യമായ പ്രവർത്തനങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപം നൽകുന്നതാണ്. സർക്കാരിനെതിരെ ഉയർന്ന ഗുരുതരമായ ആരോപണങ്ങളിൽ നിഷ്പക്ഷമായ ഒരന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. കരിപ്പൂർ വിമാനത്താവളത്തിൽ നടന്ന അനിഷ്ടസംഭവങ്ങളിൽ കൃത്യമായി ഇടപെടുന്നതിന് ഭരണകൂടത്തിന് സാധിച്ചില്ല. പോലീസുകാർ ആക്രമിക്കപ്പെട്ട കേസ്സുകളിൽപ്പോലും പ്രതികളെ പിടിക്കുന്നതിൽ ആഭ്യന്തര വകുപ്പ് പരാജയപ്പെട്ടു. പോലീസുകാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത

സാഹചര്യമാണുള്ളത്. പിടിച്ചുപറിയും ഭവനഭേദനവും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും രാഷ്ട്രീയകൊലപാതകങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്നതിൽ പരാജയപ്പെട്ട സർക്കാർ നിർബന്ധിത മതപരിവർത്തനം നടത്തുന്നവർക്ക് കൂട്ടു നിൽക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്തെ ക്രമസമാധാനനില മുമ്പെങ്ങുമില്ലാത്ത വിധം തകർന്നിരിക്കുകയാണ്. കൊള്ളപലിശക്കാർക്കെതിരെ നടപടി എന്ന പേരിൽ കൊട്ടിഘോഷിച്ച ഓപ്പറേഷൻ കുബേര കൊണ്ട് ജനങ്ങൾക്ക് ഒരു പ്രയോജനവും ഉണ്ടായില്ല. പോലീസ് സേനയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിൽ സർക്കാർ തികഞ്ഞ അലംഭാവമാണ് കാണിക്കുന്നത്. പോലീസ് സേനയെ നവീകരിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ തയ്യാറാകണം. ദീർഘകാലമായി ജയിലിൽ കിടക്കുന്ന തടവുകാരെ മോചിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം. നേരാംവണ്ണം അവതരിപ്പിക്കാത്ത ബഡ്ജറ്റിനെയും ധനാഭ്യർത്ഥനകളെയും ഞങ്ങൾ അംഗീകരിക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിന്റെ വോട്ടെടുപ്പും മന്ത്രിയുടെ പ്രസംഗവും ഞങ്ങൾ ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ക്രമസമാധാന പാലന രംഗത്ത് കേരളം വലിയ നേട്ടങ്ങൾ കൈവരിച്ചിരിക്കുകയാണ്. കേരള പോലീസിന്റെ കുറ്റാന്വേഷണ ജാഗ്രതയും പ്രവർത്തനശൈലിയും ഇൻഡ്യയിലെ പോലീസിന് മാതൃകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും ഏറ്റവും കൂടുതൽ സുരക്ഷ ലഭിക്കുന്ന ഈ സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 'ശുഭയാത്ര' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യാജമദ്യവും മയക്കുമരുന്നും തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പോലീസ് വകുപ്പിലെ നാലായിരത്തോളം ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുകയും യൂണിഫോറം അലവൻസ് വർദ്ധിപ്പിക്കുകയും ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കഠിന ഡ്യൂട്ടിയിലുള്ള കമാന്റോകൾക്ക് സ്പെഷ്യൽ അലവൻസും അന്യ സംസ്ഥാനങ്ങളിൽ ഡ്യൂട്ടിക്ക് പോകുന്നവർക്ക്

വിന്റർ ക്ലോത്ത് അലവൻസും അനുവദിച്ചിട്ടുണ്ട്. പോലീസ് വെൽഫയർ ബ്യൂറോ പ്രവർത്തനം ആരംഭിച്ചതിനുപുറമെ പോലീസുകാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. തീവ്രവാദ സംഘടനകളെ നേരിടാൻ ആന്റി ടെററിസ്റ്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളെ ആധുനികവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിർബന്ധിത മതപരിവർത്തനം നടത്തുന്നതായി പരാതി ലഭിച്ചാൽ അതിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. 'ഓപ്പറേഷൻ കുബേര'യിലൂടെ കൊള്ളപ്പലിശ ക്കാരുടെയും ബ്ലേഡ് പലിശക്കാരുടെയും കയ്യിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കുകയും മതിയായ രേഖകളില്ലാതെ കൈ വായ്പകൾ നൽകുന്നത് നിയന്ത്രിക്കുന്നതിനായി 'ഓപ്പറേഷൻ കുബേര II'-ന് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ഗുണ്ടകളെയും മാഫിയകളെയും അടിച്ചമർത്തുന്നതിനായി രൂപീകരിച്ച 'ഓപ്പറേഷൻ സുരക്ഷ' യിലൂടെ മൂന്നുമാസംകൊണ്ട് 70000 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും

സാധിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സൈബർ ഡോം ഓഗസ്റ്റ് മാസം 20-ാം തീയതി ടെക്നോപാർക്കിൽ ആരംഭിക്കും. കൊടുങ്ങല്ലൂരും കാഞ്ഞങ്ങാടും രണ്ട് പോലീസ് കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിച്ചു. പാനൂരിൽ കൺട്രോൾ റൂം ആരംഭിക്കുന്നതാണ്. എറണാകുളത്ത് ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. നാല് വനിതാ പോലീസ് സ്റ്റേഷനുകൾ ഉടൻ ആരംഭിക്കുന്നതാണ്. പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. തലശ്ശേരിയിലും മൂവാറ്റുപുഴയിലും വിജിലൻസ് കോടതികൾ ഉടൻ ആരംഭിക്കുന്നതാണ്. സദാചാര പോലീസിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. പോലീസ് അക്കാദമിയിലൂടെ പോലീസുകാർക്കാവശ്യമായ പരിശീലനം നൽകുകയും മാറി വരുന്ന നിയമങ്ങൾക്കനുസരിച്ച് അവരെ എക്വിപ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പോലീസ് വകുപ്പിൽ വിജിലൻസ് സെൽ രൂപീകരിക്കാനും ആധുനിക കാലഘട്ടത്തിനനുസൃതമായി പോലീസിനെ കാര്യക്ഷമമാക്കാനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ജയിൽത്തടവുകാരോട് അനുഭാവപൂർവ്വമായ സമീപനമാണ് സർക്കാർ

സ്വീകരിക്കുന്നത്. ജയിൽത്തടവുകാർക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനം നൽകി അവരെ നല്ല പൗരന്മാരായി വാർത്തെടുക്കാനാണ് ലക്ഷ്യമിടുന്നത്. ലഭ്യതയ്ക്കനുസരിച്ച് പോലീസ് സ്റ്റേഷനുകളിൽ പുതിയ വാഹനങ്ങൾ നൽകുന്നതാണ്. ക്രമസമാധാനനില പൂർണ്ണമായും സംരക്ഷിക്കാനും മാതൃകാപരമായ നിലയിൽ പോലീസിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനും കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാനും പോലീസിനെ സാമൂഹിക പരിവർത്തനത്തിന്റെ ആയുധമാക്കി മാറ്റാനും സാധിച്ചിട്ടുണ്ട്. കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്ന ഒരു നിയമസംവിധാനത്തിൽ അധിഷ്ഠിതമായ പോലീസ് സേനയെ വാർത്തെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.51-ന് പിരിഞ്ഞു.

****************